**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 17** **12-10-2026-ൽ മറുപടിയ്ക്ക്**

**പാലക്കാട് റെയിൽവേ ഡിവിഷന്റെ വിഭജനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മഞ്ഞളാംകുഴി അലി — ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. പി. കെ. നവാസ്

**(എ)** പാലക്കാട് റെയിൽവേ ഡിവിഷനിൽ ഉൾപ്പെട്ടിരുന്ന മംഗളൂരു കേന്ദ്രീകരിച്ചുള്ള ഭാഗങ്ങൾ മൈസൂർ ഡിവിഷന്റെ ഭാഗമാക്കിയ കേന്ദ്ര സർക്കാരിന്റെ നടപടി സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലിയിരുത്തിയിട്ടുണ്ടോ;

**മറുപടി:** പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജിച്ച് മംഗളൂരു ഉൾപ്പെടെയുള്ള മൈസൂർ ഡിവിഷന്റെ ഭാഗമാക്കിയത് കേന്ദ്ര റെയിൽവേ ബോർഡിന്റെ നയപരമായ തീരുമാനങ്ങളുടെ ഭാഗമായാണ്. അപ്രതീക്ഷിതമായി ഉണ്ടായ ഈ തീരുമാനത്തിന്റെ പരിണിതഫലങ്ങൾ സംസ്ഥാന സർക്കാർ വിലയിരുത്തി വരുന്നു.

പ്രധാന ചരക്കുനീക്ക കേന്ദ്രങ്ങളും ടെർമിനലുകളും (പ്രത്യേകിച്ച് മംഗളൂരു മേഖല പോലുള്ളവ) നഷ്ടമായാൽ പാലക്കാട് ഡിവിഷന്റെ ഔദ്യോഗിക വരുമാനം കുറയുന്നതിന് കാരണമായേക്കാം. ഇത് ഡിവിഷനുള്ള കേന്ദ്ര ബജറ്റ് വിഹിതം കുറയുന്നതിലേക്ക് നയിക്കുവാൻ സാധ്യത ഉണ്ട്. വരുമാന നഷ്ടം മൂലം നിർണായക പദ്ധതികൾ നഷ്ടപ്പെടാനും, ദീർഘദൂര സർവീസുകൾ അനുവദിക്കുന്നതിലെ മുൻഗണന ഇല്ലാതാക്കാനും സാധ്യത ഉണ്ട്.

പാലക്കാട് ഡിവിഷന്റെ ചരിത്രപ്രാധാന്യവും, വിഭജനം മൂലം ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളും ചൂണ്ടിക്കാട്ടിക്കൊണ്ടും, പാലക്കാട് ഡിവിഷന്റെ നിലവിലെ അതിർത്തികളും പ്രധാന ലൈനുകളും സ്റ്റേഷനുകളും മാറ്റമില്ലാതെ അതേപടി നിലനിർത്താൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ടും ബഹു.പ്രധാനമന്ത്രിക്ക് സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ട്

**(ബി)** പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ ആശങ്ക കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പാലക്കാട് ഡിവിഷനുണ്ടാകുന്ന വരുമാന നഷ്ടം പുതിയ ട്രെയിനുകൾ അനുവദിക്കുന്നതിനെ ബാധിക്കുമോ എന്നു പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**